**കേരള സർക്കാർ**

സംഗ്രഹം

വനം വന്യജീവി വകുപ്പ് 1986 ലെ കേരളവൃക്ഷ സംരക്ഷണ നിയമം -സെക്ഷൻ 4 (2) (എ ) അനുസരിച്ച് ജീവനോ സ്വത്തിനോ ഭീഷണിയ ായി നിൽക്കുന്ന മരം മുറിക്കുന്നതിനു അനുമതിക്ക ായി ഡെയിഞ്ചർ പെറ്റിഷൻ പരിഗണിക്കുമ്പേ ാൾ സ്വ ീകരിക്കേണ്ട നടപടികൾ -മാർഗ്ഗ നിർദ്ദേശങ്ങൾ -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യ ജീവി (ബി ) വകുപ്പ്**

*സ.ഉ . (സാ ) നം 64-2000 -വനം. തിരുവനന്തപുരം,* *തീയതി , 5-2-2000*

---

പരാമർശം -- 1. ഉറപ്പുകൾ സ ംബന്ധിച്ച സമിതി (1996-98 ) ഒന്നാമത് റിപ്പോർട്ട് ശുപാർശ നം 42.

2. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സം ) ന്റെ 11-1-2000 ലെ എൽ -33722/96 നംബർ - കത്ത്.

**<u>ഉത്തരവ്</u>**

1986 ലെ കേരള വൃക്ഷ സംരക്ഷണ നിയമത്ത ിലെ സെക്ഷൻ 4 (2) (എ) അനുസരിച്ച് ജീവനോ സ്വത്തിനോ ഭീഷണിയായി നിൽക്ക ുന്ന മരം മുറിക്കാൻ അനുമതി നൽകാമെന്ന വ്യവസ്ഥയുടെ മറവിൽ പാലക്കാട്, ഇടുക്കി ജില്ലകളിൽ ഡെയി ഞ്ചർ പെറ്റിഷൻ മുഖേന വില കൂടിയ മരങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥര ുടെ മ ൗനാനുവാദത്തോടേ മുറിച്ചുമാറ്റുന്നതായി ഇക്കാര്യം പരിശോധിച്ച കേരള നിയമ സഭയുടെ ഉറപ്പുകൾ സംബന്ധിച്ച സമിതി (1996-98 ) യ്ക്കു ബോധ്യമായതിനെ തുടർന്ന് ഡെയി ഞ്ചർ പെറ്റിഷൻ പരിഗണിക്കുമ്പോൾ ബന്ധപ്പെട്ട റവന്യൂ , ഫോറസ്റ്റ് ഉദ്യോഗസ്ഥർ സ്ഥലത്തുപോയി പരിശോധന നടത്തിയശേഷമേ ഇത്തരം അപേക്ഷ കൾ പരിഗണിക്കാവൂ എന്നും പ ഞ്ചായത്ത് വകുപ്പ് വീട് നംപർ റഫർചെയ്ത് സ്ഥിരതാമസത്തിന് നിർമ്മിച്ചിട്ടുള്ള വീടാണെന്നു സർട്ടിഫൈ ചെയ്യണമെന്നും അപാകത ബോധ്യപ്പെട്ടാൽ ശുപാർശ ചെയ് ത ഉദ്യോഗസ്ഥരുടെ പേരിൽ, ശിക്ഷണ നടപട ികൾ സ്വീകരിക്കുന്നതോടൊപ്പം തടിയുടെ കംബോള നിരക്കിലുള്ള വില കണക്കാക്കി നഷ്ടം അവരിൽ നിന്നു ഠഈടാക്കുവാനു ം നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുകയുണ്ടായി .

സർക്കാർ ഈ വിഷ.യം വിശദമായി പരിശോധിച്ച ു സ്വകാര്യ വനത്തിൽ ജീവനോ സ്വത്തി നോ അപകടമായി നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റണമെന്ന് കാണിച്ച് വനം വകുപ്പിൽ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുമ്പോൾ താൽക്കാലികമായി താമസിക്കുന്നവരല്ലെന്ന ു ം വീടുവച്ച് സ്ഥിരമാ.യി താമസിക്കുന്നവരാണ് അപേക്ഷകരെന്നും ഉറപ്പ് വരുത്തേണ്ടത് ഈ സൗജന്യത്തിന്റെ പേരിൽകൂടുതൽ മരം മുറി നടക്കാതിരി്ക്കുവാൻ ആവശ്യമാണെന്നും കണ്ടെത്തിയതി ൻെറ അടിസ്ഥാനത്തിൽ ഈ ക ാര്യത്തിൽ പരാമർശം രണ് ട് പ്രകാരമുള്ള ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ അഭിപ്രായം കൂടി കണക്കിലെടുത്ത് 1986 ലെ കേരള വ ൃക്ഷസംരക്ഷണ നിയമത്തിലെ സെക്ഷൻ 4 (2) (എ ) അനുസരിച്ച് സ്വകാര്യ വനത്തിൽ ജീവനോ സ്വത്തിനോ ഭീഷണിയായി നിൽക്കുന്ന മരങ്ങൾ മുറിക്കാൻ അനുമതി ആവശ്യപ്പെട്ട് ലഭിക്കിന്ന ഡെഞ്ചർ പെറ്റീഷൻ പരിഗണിക്കുമ്പേ ാൾ പാല ിക്കേണ്ട നടപടി ക്രമങ്ങൾ സംബന്ധിച്ചു താഴെ പറയും പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. അപേക്ഷയിൽ പഞ്ചായത്ത് വകുപ്പിൽ നിന്ന് നൽകിയ വീട് നംപർ ഉണ്ടായിരിക്കണം.
2. സ്ഥിരതാമസത്തിന് നിർമ്മിച്ചിട്ടുള്ള വീടാണെന്നും പെറ്റിഷന് ആസ്പദമ ായ മരം ജീവനും സ്വത്തിനും അപകടകരമായ നിലയിൽ നിൽക്കുകയാണെന്നും ബന്ധപ്പെട്ട

റെയിഞ്ചാഫീസറും തഹസീൽദാറും സ്ഥലത്തു പോയി പരിശോധിച്ചു സാക്ഷ്യപ്പെടുത്തണം.

3. സ്ക്ഷ്യപ്പെടുത്തലിൽ അപാകതകളെന്തെങ്കിലും കണ്ടെത്തിയാൽ ബന്ധപ്പെട്ട ഉദ്ദ്യോഗസ്ഥരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതോടെ ാപ്പം മരങ്ങളുടെ ഷെഡ്യൂൾ നിരക്കിലുള്ള വില കണക്കാക്കി നഷ്ടം അവരിൽ നിന്നും ഈടാക്കുന്നതാണ ്.
4. ഇപ്രകാരം മുറിക്കുന്ന മരങ്ങൾക്ക് ബന്ധപ്പെട്ട നംപർകെ ാടുക്കുകയും അതിനായി ഒരു പ്രത്യേക രജിസ്റ്റർ റെയിഞ്ച്ഫീസിൽ സൂക്ഷിക്കുകയ ു ം വേണം.

*(ഗവർണറുടെ ഉത്തരവിൻ പ്രകാരം )*

റ്റി, സി. പാപ്പച്ചൻ

ജോയിന്റ് സെക്രട്ടറി .

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സം )
തിരുവനന്തപുരം.

ഉത്തരവിൻപ്രകാർ
(ഒപ്പ് )

സെക്ഷൻ ആഫീസർ.

<u>മേലെഴുത്ത് നംബർ എൽ 6-33722/96 തീയതി ,22-2-2000</u>

പകർപ്പ്-- ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ,
വന്യ ജീവി വിഭാഗം/ സോഷ്യൽ ഫോറസ്ട്റി/വിജിലൻസ്.

പകർപ്പ്-- എല്ലാ കൺസർവേറ്റർമാർക്കും , ഡിവിഷണൽ ഫോറസ്റ്റ് ആഫീസർമാർക്കും അനന്തര നടപടിക്കായി അയക്കുന്നു.

പകർപ്പ്-- എല്ലാ സെക്ഷനുകളിലേക്കും അയക്കുന്നു.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും വേണ്ട ി.